(സി) 10 സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. 9 സംഘങ്ങൾക്ക് പഴയ ഭരണസമിതിക്ക് തന്നെ അധികാരം തിരിച്ചു നൽകിയിട്ടുണ്ട്. അതിൽ ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണസമിതിയുടെ കാലാവധി കഴിഞ്ഞുപോയതിനാൽ പ്രസ്തുത സംഘത്തിന് ചാർജ് തിരികെ നൽകാൻ കഴിഞ്ഞിട്ടില്ല.

ജില്ലാ സഹകരണ ബാങ്കുകളുടെ സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ സർക്കാർ സെക്യൂരിറ്റികളിലേയ്ക്ക് മാറ്റുന്നതിന് നടപടി

100 (440) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. (സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ) 22.5% പൂർണ്ണമായും സർക്കാർ സെക്യൂരിറ്റികളിലേയ്ക്ക് മാറ്റുവാൻ റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രവർത്തനത്തെ പ്രസ്തുത നടപടി എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം ആകെ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പ്രശ്നത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്താണ് ?

<u>ഉത്തരം</u>

(എ) റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിസർവ് ബാങ്കിന്റെ സർക്കുലർ പ്രകാരം 2015 മാർച്ച് 31-ന് മുമ്പ് 5% -വും, 2016 മാർച്ച് 31-ന് മുമ്പ് 10%-വും ബാക്കിയുള്ള തുക 2017 മാർച്ച് 31-ന് മുമ്പും ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളുടെ SLR നിരക്ക് 25%-ൽനിന്ന് 22.5% ആയി കുറച്ചതുവഴി സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തിൽ കാര്യമായ കുറവുണ്ടാകും. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം താരതമ്യേന ചെലവ് കുറഞ്ഞ നിക്ഷേപം കൂടുതൽ വായ്പ

LIBRARY ARCHIVES Kerala Legislative Assembly

വിതരണത്തിന് വിനിയോഗിക്കാൻ കഴിയുമെങ്കിലും, SLR ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ചാൽ പലിശ നഷ്ടം സംഭവിക്കാനുള്ള സാധ്യതയുണ്ട്. ഇപ്പോൾ SLR നിക്ഷേപം ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ജില്ലാ സഹകരണ ബാങ്ക് അവരുടെ നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടി വരികയും ആയതിനായി സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ജില്ലാ സഹകരണ ബാങ്കുകൾ വ്യാപകമായി തുക പിൻവലിക്കുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനുമിടയുണ്ട്. ഗവൺമെന്റ് സെക്യൂരിറ്റികളിലെ നിക്ഷേപത്തിന് മറ്റ് രീതിയിലുള്ള SLR നിക്ഷേപത്തെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ വരുമാനമേ ലഭിക്കുകയുള്ളൂ എന്നതിനാൽ പല ജില്ലാ സഹകരണ ബാങ്കുകൾക്കും നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ട്.

(സി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ മാസം വരെ 10648.70 കോടി രൂപയാണ്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

(കോടിയിൽ)

ബാങ്ക്	സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിച്ചത്	മറ്റ് സ്ഥാപനങ്ങളിൽ	ആകെ
(1)	(2)	(3)	(4)
തിരുവനന്തപുരം	1431.20		1431.20
കൊല്ലം	888.40		888.40
പത്തനംതിട്ട	403.15	3.59	406.74
ആലപ്പുഴ	417.57		417.57
ഇടുക്കി	257.95	57.58	315.53
കോട്ടയം	468.91	610.21	1079.12

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	696.00	1262.00	1958.00
തൃശ്ശൂർ	746.14	265.87	1012.01
പാലക്കാട്	404.93	320.00	724.93
മലപ്പുറം	558.21	50.18	608.39
കോഴിക്കോട്	440.73	233.23	673.96
കണ്ണൂർ	606.00	155.00	761.00
വയനാട്	101.36	29.46	130.82
കാസർഗോഡ്	204.03	37.00	241.03
ആകെ	7624.58	3024.12	10648.70

(ഡി) ആർ.ബി.ഐ. സർക്കുലറിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതോടൊപ്പം ഗവൺമെന്റ് സെക്യൂരിറ്റി നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശ ലഭിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വയനാട് ജില്ലയിൽ നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ

101 (441) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ നടപ്പാക്കുന്ന ഇൻഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ രണ്ടാംഘട്ട പ്രവർത്തങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രോജക്ടുവഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് ജില്ലയിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര തുക ജില്ലയിൽ ചെലവഴിച്ചു എന്നതിന്റെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly